Special Messenger

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

ധനകാര്യ വകുപ്പ്-സർക്കാരിന്റെ വിവിധ മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി "**നവകേരള നിധി**" രൂപവൽക്കരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

================================================================

**ധനകാര്യ (ഫണ്ട്സ്) വകുപ്പ്**

**ജി.ഒ.(പി)39/2018/ധന** **തിരുവനന്തപുരം, തീയതി: 17.03.2018**

---

പരാമർശം:- ഫണ്ട്സ്1/4/2018-ഫിൻ (E-704812) നമ്പർ ഫയലിലെ തീരുമാനം

**ഉത്തരവ്**

പൊതുസമൂഹത്തിന്റെ ക്ഷേമത്തിനും പൊതുസ്ഥാപനങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുമായി സർക്കാർ വിവിധ മിഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്. ടി മിഷനുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാലും കൂടുതൽ ഫണ്ട് സമാഹരിക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് "**നവകേരള നിധി**" എന്ന പേരിൽ ഒരു പൊതു ഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു. സന്നദ്ധസംഘടനകൾ/സ്ഥാപനങ്ങൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നും ഉദാരമായി സംഭാവനകൾ/സ്പോൺസർഷിപ്പ് എന്നിവയുടെ ഫണ്ട് സമാഹരണം ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപവൽക്കരിച്ചിട്ടുള്ളത്. സമൂഹത്തിന്റെ ഉന്നമനത്തിനായി എല്ലാ വിഭാഗം ജനങ്ങളേയും സഹകരിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഫണ്ടിന്റെ നിയന്ത്രണം പൂർണ്ണമായും ധനകാര്യ വകുപ്പിൽ നിക്ഷിപ്തമായിരിക്കും. ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, സമാഹരണം, വിനിയോഗം, ഘടന തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

**ഉദ്ദേശലക്ഷ്യങ്ങൾ**

ഭവന-ഭൂരഹിത വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വിവിധ മിഷനുകൾ, പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, ശുചിത്വപരിപാലന മിഷനുകൾ, പൊതുസ്ഥാപനങ്ങളുടെ വികസനനവീകരണപദ്ധതികൾ, സർക്കാരിന്റെ വിവിധ പുനരധിവാസപദ്ധതികൾ, സർക്കാർ അംഗീകൃത സാമൂഹ്യ-സേവന-തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ വികസനനവീകരണ പദ്ധതികൾ, പാർശ്വവൽക്കരിക്കപ്പെട്ട സാധു ജനവിഭാഗങ്ങൾക്ക് ഭൂമി, വൈദ്യുതി, കുടിവെള്ളം മുതലായ അടിസ്ഥാന വിഭവങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ, അന്യം നിന്നുപോകാൻ സാധ്യതയുള്ള കലാ-സാംസ്കാരിക-പൈതൃക വിഭവങ്ങളുടെ സംരക്ഷണ പദ്ധതികൾ മുതലായവയ്ക്ക്.

## ഫണ്ട് സമാഹരണം

സന്നദ്ധസംഘടനകൾ, സ്ഥാപനങ്ങൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നും ഉദാരമായ സംഭാവനകൾ, സ്പോൺസർഷിപ്പ് എന്നിവ മുഖേന ഫണ്ട് സമാഹരണം നടത്തുന്നതാണ്. ഇതിനായി ഈ നിധിയുടെ ട്രഷറർ ആയ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ യുടെ തിരുവനന്തപുരം മുഖ്യശാഖയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടും, തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ റ്റി.എസ്.ബി അക്കൗണ്ടും ആരംഭിക്കുന്നതാണ്. സംഭാവനകൾ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള ടി അക്കൗണ്ടുകളിലേക്ക് നേരിട്ട് അടയ്ക്കുകയോ, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലെടുത്ത ഡി.ഡി/ചെക്ക് മുതലായവ മുഖേന ധനകാര്യ വകുപ്പിൽ ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്.

## ഫണ്ടിന്റെ ഘടനയും വിനിയോഗവും

നവകേരളനിധിയുടെ മേൽനോട്ടം പൂർണ്ണമായും ധനകാര്യ വകുപ്പിൽ നിക്ഷിപ്തമായിരിക്കും. ടി ഫണ്ടിന്റെ മേൽനോട്ടത്തിനായി താഴെ കൊടുത്തിട്ടുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സ്ഥിരം കോ-ഓർഡിനേഷൻ കമ്മിറ്റി ഉണ്ടായിരിക്കും.

| | | |
|---|---|---|
| ചീഫ് സെക്രട്ടറി | - | ചെയർമാൻ |
| ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി | - | കൺവീനർ & ട്രഷറർ |
| തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി | - | അംഗം |
| ആരോഗ്യവകുപ്പ് സെക്രട്ടറി | - | അംഗം |
| പൊതുവിദ്യാഭ്യാസവകുപ്പ് സെക്രട്ടറി | - | അംഗം |

എല്ലാ സാമ്പത്തികവർഷാരംഭത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചേർന്ന് ഈ പദ്ധതിയുടെ മുൻവർഷത്തെ പ്രവർത്തനങ്ങളും വാർഷിക വരവ്-ചെലവ് കണക്കുകളും പരിശോധിച്ച് വിലയിരുത്തേണ്ടതാണ്. കമ്മിറ്റിയുടെ അവലോകനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

## ധനസഹായം അനുവദിച്ച് നൽകുന്നതിനുള്ള സാമ്പത്തിക അധികാര പരിധി

ധനസഹായം അനുവദിച്ച് നൽകുന്നതിനുള്ള സാമ്പത്തിക അധികാര പരിധി താഴെപ്പറയുന്ന പ്രകാരമായിരിക്കും.

| | |
|---|---|
| ചീഫ് സെക്രട്ടറി | പത്ത് കോടി രൂപ വരെ |
| മുഖ്യമന്ത്രി | പത്ത് കോടിയ്ക്കുമുകളിൽ |

നവകേരളനിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പക്ഷം പ്രസ്തുത ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ആവശ്യമായതെന്തും സംസ്ഥാന സർക്കാർ ഉത്തരവ് മുഖേന നടപ്പാക്കുന്നതാണ്. ഉദ്ദേശലക്ഷ്യങ്ങളിൽ എന്തുതന്നെ സൂചിപ്പിച്ചിരുന്നാലും ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി.& എസ്.എസ്.എ),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( ഇ.& ആർ.എസ്.എ)കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ